പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3472 16.12.2015 - ൽ മറുപടിയ്ക്ക്

**കിഡ്നി രോഗികൾക്ക് പെൻഷൻ**

ചോദ്യം

ശ്രീ. റ്റി.എ.അഹമ്മദ് കബീർ

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കിഡ്നി രോഗത്താൽ ഡയാലിസിസ് നടത്തുന്ന രോഗികൾക്ക് സാമൂഹ്യ സുരക്ഷ മിഷനിൽ നിന്നും പെൻഷൻ അനുവദിക്കുന്നുണ്ടോ ? | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ എത്ര രൂപ വീതമാണ് പെൻഷൻ അനുവദിക്കുന്നതെന്നും, അതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ ? | (ബി) | 1100/- രൂപ നിരക്കിലാണ് പെൻഷൻ അനുവദിക്കുന്നത്. മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>• മാസത്തിലൊരിക്കലെങ്കിലും സ്ഥിരമായി ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ കുടുംബാംഗമായിരിക്കണം.<br>• ആറുമാസമെങ്കിലും തുടർച്ചയായ ഡയാലിസിസ് ആവശ്യമുള്ളവരാണെന്ന് വൃക്കരോഗ വിദഗ്ധൻ സർട്ടിഫിക്കറ്റ് നൽകിയിരിക്കണം.<br>• മറ്റ് സർക്കാർ ധനസഹായം ലഭിക്കുന്നവർക്കും ഈ പ്രത്യേക ധനസഹായത്തിന് അർഹതയുണ്ടായിരിക്കും. |
| (സി) | ബി.പി.എൽ റേഷൻ കാർഡുള്ളവർക്ക് മാത്രമാണ് പ്രസ്തുത പെൻഷൻ അനുവദിക്കുന്നതെങ്കിൽ, എ.പി.എൽ, ബി.പി.എൽ തരംതിരിവിന്റെ കാര്യത്തിൽ വ്യാപകമായ പരാതിയുള്ള റേഷൻ കാർഡ് മാനദണ്ഡമാക്കാതെ ഡയാലിസിസ് നടത്തുന്ന മുഴുവൻ രോഗികൾക്കും പെൻഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | സി) | സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കിവരുന്ന കിഡ്നി രോഗികളുടെ പെൻഷൻ പദ്ധതി സഹായം നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം ബി.പി.എൽ റേഷൻ കാർഡുള്ളവർക്കാണ് നൽകി വരുന്നത്. എന്നാൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ.ഉ (കൈ) നം. 112/2012/തസ്വഭവ തീയതി 27.04.2012 ഉത്തരവ് പ്രകാരം ബി.പി.എൽ ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഡയാലിസിസിന് വിധേയമാകുന്നവരെയും ഉൾപ്പെടുത്താമെന്ന് പരാമർശിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം എ.പി.എൽ കാർഡ് ബി.പി.എൽ ആക്കി മാറ്റി വരുന്നവരെ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കാറുണ്ട്. |

**സെക്ഷൻ ഓഫീസർ**